സെന്റ് തോമസ് കോളജ് പാലാ ഓട്ടോണോമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

December 2024
Vol. 1 Issue 2 pages 19-21

പാലൈ
PALAI பாலை
ISSN No: 3049-0316

# വിവർത്തനം – തത്ത്വവും പ്രയോഗവും



**ഡോ. സാൽവിൻ കെ. തോമസ്***

**സംഗ്രഹം**

മൂലഭാഷാ മാധ്യമങ്ങളിൽ ഉള്ളടങ്ങുന്ന ആശയത്തെ ലക്ഷ്യഭാഷാ മാധ്യമത്തിലേക്ക് പകർന്നുനല്കുന്ന പ്രക്രിയയാണ് വിവർത്തനം. അർത്ഥവാഹകമായ പ്രതീകങ്ങളെയും അവയുടെ പ്രയോഗത്തെയുംപറ്റി ഒരു മാധ്യമത്തിലുള്ള വ്യവസ്ഥകളെ പൂർണമായും തിരസ്കരിച്ച് പുതുതായി കൈക്കൊള്ളുന്ന മാധ്യമത്തിനിണങ്ങിയ വ്യവസ്ഥകൾ വിവർത്തകൻ സ്വീകരിക്കുന്നു. ഈ വ്യവസ്ഥാ പരിവർത്തനത്തിനിടയിൽ അർത്ഥം അല്ലെങ്കിൽ ആശയം മാത്രമാണ് മാറ്റമേതും കൂടാതെ നിലകൊള്ളുന്നത്.

**താക്കോൽ വാക്കുകൾ:** വിവർത്തനം, മൂലഭാഷ, ലക്ഷ്യഭാഷ, പ്രതീകം, മൂലാനുസരണം, മൂലവ്യതിയാനം, വിവർത്തനത്തിന്റെ ഏകകം

ഒരു ആശയം അതിന്റെ അർത്ഥത്തിനും മൂല്യത്തിനും ച്യുതി സംഭവിക്കാതെ ഒരു ഭാഷയിൽനിന്നും മറ്റൊരു ഭാഷയിലേക്ക് മാറ്റിയെഴുതുന്നതിനെയാണ് വിവർത്തനമെന്ന് പരമ്പരാഗതരീതിയിൽ വിവക്ഷിക്കുന്നത്. അർത്ഥം നിലനിർത്തിക്കൊണ്ട് മറ്റൊരു ഭാഷയിലേക്കുള്ള മാറ്റമാണ് വിവർത്തനം എന്നാണ് ഡോ. ജോൺസന്റെ പ്രസിദ്ധമായ നിർവചനം. എന്നാൽ അർത്ഥം നിലനിർത്തിക്കൊണ്ട് എന്ന് അതിനെ പരിഷ്കരിച്ചാൽ മാത്രമേ നിർവചനത്തിൽ വസ്തുസ്ഥിതി കഥനം സാധ്യമാവൂ.

ചിഹ്നങ്ങളും പ്രതീകങ്ങളും ഉപയോഗിച്ച് വ്യക്തികൾ പരസ്പരബന്ധം പുലർത്തുകയും സ്വാധീനം ചെലുത്തുകയും ചെയ്യുമ്പോഴാണ് ആശയവിനിമയം സംഭവിക്കുന്നത്. അതിനാൽ വിവർത്തനത്തിൽ ഉൾക്കൊള്ളുന്ന വച്ചുമാറ്റം അർത്ഥത്തിന്റേതിനാക്കാൾ പ്രതീകങ്ങളുടേതാണ്. ഉദാഹരണത്തിന്, പെട്രോൾ എന്ന പദം ഇന്ത്യ, ഇംഗ്ലണ്ട്, ഓസ്ട്രേലിയ, ന്യൂസിലന്റ് എന്നീ രാജ്യങ്ങളിൽ ഉപയോഗിക്കുമ്പോൾ അമേരിക്കയിൽ ഗാസൊലിൻ എന്നും ഫ്രാൻസിൽ എസെൻസ് എന്നും ജർമ്മനിയിൽ ബെൻസിൻ എന്നുമാണ് ഉപയോഗിക്കുന്നത്.

* അസി. പ്രൊഫസർ, സെന്റ് തോമസ് കോളേജ് പാലാ, ഓട്ടോണമസ്

വാല്യം 1 ലക്കം 1 സെപ്റ്റംബർ 2024 ISSN No: 3049-0316


മൂല്യത്തിന്റെ സവിശേഷ സ്വഭാവങ്ങളിൽ ചിലതെങ്കിലും മിക്കപ്പോഴും വിവർത്തനത്തിനിടയിൽ നഷ്ടപ്പെട്ടുപോകും. വിഷയം വസ്തുനിഷ്ഠം അഥവാ ശാസ്ത്രീയമാണെങ്കിൽ അർത്ഥം അധികം ചോർന്നുപോവാറില്ല. എന്നാൽ, വിഷയം വ്യക്തിനിഷ്ഠമോ, പ്രാദേശികപരമോ, കലാപരമോ ആണെങ്കിൽ അർത്ഥച്ചോർച്ചയുടെ അളവ് കൂടിവരും. ഉദ്ദിഷ്ട അർത്ഥദ്യോതനത്തിന് ഏറ്റവും ഉചിതമായ പദം ഏത് എന്ന അന്വേഷണം മൗലികരചനയിൽ എന്നതുപോലെ വിവർത്തനത്തിനും ആവശ്യമാണ്.

പദാനുപദ വിവർത്തനത്തിന് കുറ്റങ്ങളും കുറവുകളും ഏറെയുണ്ട്. ലക്ഷ്യഭാഷയുടെ പദക്രമം മൂലഭാഷയുടേതിൽ നിന്ന് വ്യത്യസ്തമായിരിക്കും. അപ്പോഴൊക്കെ ലക്ഷ്യഭാഷയിൽ സന്ദർഭത്തിനിണങ്ങിയ പദക്രമം തിരഞ്ഞെടുക്കേണ്ടിവരും. യന്ത്രപരിഭാഷാരംഗത്ത് മൗലികപ്രാധാന്യമുള്ള പ്രശ്നമാണിത്.

## പ്രതീകങ്ങളുടെ പൊരുൾ

മൂലഭാഷയിലെ പ്രതീകങ്ങൾക്കു പകരം ലക്ഷ്യഭാഷയ്ക്കിണങ്ങിയ പ്രതീകങ്ങൾ കോർത്തുകെട്ടുക എന്ന പ്രക്രിയയുടെ ആദ്യത്തെ പടി മൂലപ്രതീകങ്ങൾ നിർവഹിക്കുന്ന ധർമ്മം വ്യക്തമായി മനസ്സിലാക്കുക എന്നതാണ്. ഈ പ്രാഥമിക ആവശ്യംപോലും ഒരളവിൽ കവിഞ്ഞ് നിറവേറ്റാൻ സാധ്യമല്ല. ഒരേ ഭാഷ സംസാരിക്കുന്ന വെവ്വേറെ വ്യക്തികളുടെ മനസ്സിൽ ഒരേ പദം താന്താങ്ങളുടെ പൂർവാനുഭവത്തിന്റെ വെളിച്ചത്തിൽ ഈഷദ്ഭിന്നമായ അതിർവരമ്പുകളാർന്ന ആശയപ്രപഞ്ചങ്ങളെയാണ് ആവിഷ്കരിക്കാറുള്ളതെന്ന് അർത്ഥവിജ്ഞാനം വ്യക്തമാക്കുന്നു. മാതൃഭാഷയിൽപോലും എല്ലാ പ്രതീകങ്ങൾക്കും എല്ലാ സന്ദർഭങ്ങളിലുമുള്ള ആന്തരാർത്ഥം മുഴുവനും ആർക്കും പിടികിട്ടാറില്ല. പ്രതീകങ്ങൾ ഓരോ ഭാഷയിലും നിയതമായ സന്ദർഭങ്ങളിലായിരിക്കും അണിനിരക്കുക. വിവർത്തനം നിർവഹിക്കുന്ന കൃതിയിൽ ഓരോ പ്രതീകവും ഏതേതു സന്ദർഭത്തിലാണ് പ്രയുക്തമായിരിക്കുന്നത് എന്നുമാത്രം പരിശോധിച്ചതുകൊണ്ടായില്ല. എത്രമാത്രം വിസ്തൃതമായിരിക്കുന്നു എന്നതും പരിഭാഷകൻ പരിഗണിച്ചേ പറ്റൂ. നിർദ്ദിഷ്ട പ്രതീകത്തിന് മൂലഭാഷയിലുള്ള മറ്റ് പ്രതീകങ്ങളോട് വിവിധ പ്രകാരങ്ങളിൽ പെട്ട കെട്ടുപാടുകൾ കാണുന്നു. അവയിൽ നിന്നുയിർകൊള്ളുന്ന അർത്ഥപരമ്പരകളുടെ ആകെത്തുകയാണ് ആ പ്രതീകത്തിന്റെ അന്തഃസാരം.

## മൂലാനുസരണവും മൂലവ്യതിയാനവും

മൂലകൃതികളുടെ ഉദ്ദേശ്യം എന്താണെന്നും മൂലഗ്രന്ഥകാരൻ ഏതേതു മാർഗ്ഗങ്ങളിലൂടെയാണ് മേൽപ്പറഞ്ഞ ഉദ്ദേശ്യം സാധിക്കാൻ ഉദ്യമിക്കുന്നതെന്നും വിവർത്തകൻ ചിന്തിക്കണം. ലക്ഷ്യഭാഷയുടെ ചട്ടക്കൂട്ടിലൊതുങ്ങി നില്ക്കുമ്പോൾ തന്നെ മൂലലേഖകനെ അനുപദം പിന്തുടരാൻ സാധ്യമാവുമോ എന്നും ചിന്തിക്കേണ്ടതുണ്ട്. മൂലത്തിന്റെയും വിവർത്തനത്തിന്റെയും ലക്ഷ്യം എന്താണെന്ന ചോദ്യത്തിന് ഏകമായ മറുപടി കിട്ടുക ബുദ്ധിമുട്ടാണ്. ശാസ്ത്രകൃതികൾ പരിഭാഷപ്പെടുത്തുന്നതിന്റെ പ്രധാന ലക്ഷ്യം മിക്കപ്പോഴും മൂലഭാഷയിൽ ആ കൃതികൾ വായിച്ച് സാരം ഗ്രഹിക്കാനാകാത്ത സാധാരണക്കാരെ സഹായിക്കുക എന്നതായിരുന്നു. കവിതയുടെയും സാഹിത്യപരവും മതപരവുമായി പ്രാധാന്യമുള്ള മറ്റു കൃതികളുടെയും വിവർത്തനമാകട്ടെ പല തട്ടുകളിലുള്ള വായനക്കാരെ മനസ്സിൽ സങ്കല്പിച്ചുകൊണ്ടുള്ളവയാകാം. രാമായണം, മഹാഭാരതം, ശാകുന്തളം, മേഘസന്ദേശം മുതലായ ഗ്രന്ഥങ്ങൾക്ക് വിഭിന്ന ഭാരതീയഭാഷകളിൽ ഉണ്ടായിട്ടുള്ള നൂറുകണക്കിനു വിവർത്തനങ്ങളിൽ ഓരോന്നിന്റെയും ലക്ഷ്യം വ്യത്യസ്തമാണ്. ചിലത് മൂലത്തിലേക്കു കെട്ടിപ്പടുത്തിട്ടുള്ള ചവിട്ടുപടികളാണ്. മറ്റു ചിലവ മൂലത്തിന്റെ വലുപ്പം വെട്ടിക്കുറയ്ക്കാനുള്ള ഉദ്യമങ്ങളത്രേ. വേറെ ചിലവ മൂലത്തിലുൾച്ചേർന്നിട്ടില്ലെന്ന് തങ്ങൾക്കു തോന്നിയ ഭംഗിവിശേഷങ്ങൾ ആവിഷ്കരിക്കുന്നതിനോ സ്വന്തം ജീവിതവീക്ഷണവും അവബോധവും പ്രകടമാക്കുന്നതിനോ പരിഭാഷകൻ സ്വീകരിച്ചിട്ടുള്ള ഉപാധിയുമാണ്.

## വിവർത്തനത്തിലെ ഏകകം

പ്രതീകങ്ങളുടെ വച്ചുമാറ്റമാണ് അക്ഷരാർത്ഥത്തിൽ വിവർത്തനം. ഇപ്രകാരം വച്ചുമാറാനുള്ള ചിഹ്നങ്ങളും പ്രതീകങ്ങളുമാണ് പരിഭാഷകൻ കൈകാര്യം ചെയ്യേണ്ട ഏകകങ്ങൾ.

വാല്യം 1 ലക്കം 1 സെപ്റ്റംബർ 2024 ISSN No: 3049-0316


പദമാണ് ഭാഷാപരമായ ഏകകം എന്ന ചിന്താഗതിക്ക് മധ്യകാലങ്ങളിലാണ് പ്രാധാന്യം ഉണ്ടായത്. മതപരമായ ഗ്രന്ഥങ്ങളുടെ വിവർത്തനത്തെപ്പറ്റി ചിന്തിച്ച പലരും മൂലഗ്രന്ഥം ദൈവദത്തമാണെന്നും അക്കാരണത്താൽ അവയിലെ ഒരൊറ്റവാക്കും വിട്ടുപോകാതെ എല്ലാറ്റിനും പകരത്തിനുപകരം ലക്ഷ്യഭാഷാപദങ്ങൾ തിരഞ്ഞെടുത്ത് നിരത്തുക മാത്രമാണ് വിവർത്തകന്റെ കർത്തവ്യമെന്നുമുള്ള നിഗമനത്തിലാണ് എത്തിച്ചേർന്നത്. പദങ്ങൾ മാത്രമല്ല അവയുടെ ക്രമവും പവിത്രമാണ്. പരിഭാഷകനു കണ്ടെത്താൻ പറ്റാത്ത വല്ല ആന്തരാർത്ഥവും പദക്രമത്തിൽത്തന്നെ ഉള്ളടങ്ങിയിരിക്കാം എന്ന ചിന്തമൂലം പദങ്ങളുടെ ക്രമംപോലും മാറ്റരുതെന്നായിരുന്നു അന്നത്തെ പരിഭാഷാസിദ്ധാന്തത്തിലെ പ്രധാനപ്പെട്ട ഒരു നിയമം.

വാക്യഘടനാപരമായ അന്യൂനസാദൃശ്യം പതിവിൽ കവിഞ്ഞുള്ള ഭാഷകളുടെ കാര്യത്തിൽ മാത്രമാണ് ബാധകമായിട്ടുള്ളത്. ഇത്തരം വിവർത്തനങ്ങളിൽ നിന്നേ എന്തെങ്കിലും അർത്ഥം ഊറിക്കിട്ടുകയുള്ളൂ എന്ന വസ്തുതയാണ് ഇവിടെ ശ്രദ്ധിക്കേണ്ടത്. പരിഭാഷയിലെ ഏകകം പദമാണെന്നു കരുതിപോന്നപ്പോൾപോലുംപദക്രമത്തെസംബന്ധിച്ചിടത്തോളംലക്ഷ്യഭാഷയിലെവ്യവസ്ഥകളെയാണ് മാനിക്കേണ്ടതെന്ന് അംഗീകരിക്കുന്ന ധാരാളം പദാനുപദവിവർത്തനം ഉണ്ടായിട്ടുണ്ട്.

പദസംഹിതയോ വാക്യമോ ആണ് വിവർത്തനത്തിന് ഏറ്റവും പറ്റിയ ഏകകം എന്ന അഭിപ്രായം നവോത്ഥാനകാലത്തെ മാനവികതാവാദികൾക്ക് ഉണ്ടായിരുന്നു. ലൂഥർ സുപ്രസിദ്ധമായ തന്റെ ബൈബിൾ വിവർത്തനത്തിൽ കൈക്കൊണ്ടത് ഈ സമ്പ്രദായമാണ്. മൂലകൃതിയിലെ വാക്കുകൾ വെവ്വേറെയെടുത്ത് പരിശോധിച്ച് അവയ്ക്കു സമാനാർത്ഥമായ ലക്ഷ്യഭാഷാപദങ്ങൾ കൊരുത്തുചേർക്കുകയല്ല, പ്രത്യുത മൂലത്തിലെ വാക്യങ്ങളോടോ പദസംഹിതകളോടോ അർത്ഥപരമായി സാമ്യമുള്ള വാക്യങ്ങളോ പദസംഹിതകളോ പ്രയോഗിക്കുക എന്നതാണ് ഈ സമ്പ്രദായത്തിന്റെ സവിശേഷത.

മൂലഭാഷയെ ആദ്യന്തം ഒരൊറ്റ ഏകകമായി പരിഗണിച്ച് ലക്ഷ്യഭാഷയിലേക്കു പകർത്താൻ ശ്രമിക്കുക എന്നതാണ് മൂന്നാമത്തെ രീതി. ചെറുകവിതകളുടെയും കഥകളുടെയും നിർവ്വചനങ്ങളുടെയും കാര്യത്തിൽ മാത്രമാണ് ഈ സമ്പ്രദായം നടപ്പിലുള്ളത്.

ദൈർഘ്യം കൂടുതലുള്ള കൃതികൾ വിവർത്തനം ചെയ്യേണ്ടിവരുമ്പോൾ വിവർത്തകൻ നിർദ്ദിഷ്ട കൃതി പലവുരു വായിച്ച് അതിന് പൊതുവിലുള്ള സ്വഭാവസവിശേഷതകൾ ആദ്യമേ മനസ്സിലാക്കിയതിനു ശേഷമാണ് ആ കൃതിയെ യഥാസൗകര്യം വിവിധ ഖണ്ഡങ്ങളാക്കി വേർതിരിച്ചെടുത്ത് ഭാഷാന്തരീകരണത്തിനു ശ്രമിക്കുന്നത്. സന്ദർഭാനുസരണം വാക്കുകളും വാക്യങ്ങളും വാക്യസംഹിതകളും ഖണ്ഡികകളുമായിരിക്കും വിവർത്തനവുമായി ബന്ധപ്പെട്ട പ്രസക്തമായ ഏകകം. പരിഭാഷകനും മൂലകൃതിയും തമ്മിലുള്ള ഗാഢസമ്പർക്കത്തിന്റെ ഫലം പലപ്പോഴും ഒരു പരാവർത്തനത്തിൽ കലാശിക്കാനും സാധ്യതയുണ്ട്.

ദ്വിഭാഷാപ്രയോക്താക്കളായ വ്യക്തികൾ ആശയം വിഭിന്നമായ രണ്ട് ഭാഷാമാധ്യമങ്ങളിലൂടെ പ്രകാശിപ്പിക്കുന്നതുപോലെ തന്നെയാണ് പല വിവർത്തകരും മൂലഭാഷ മുഖേന തങ്ങൾക്കു പരിചിതമായ ആശയം ലക്ഷ്യഭാഷയിലൂടെ ആവിഷ്കരിക്കാറുള്ളത്. ഇപ്രകാരം തർജ്ജമ തികച്ചും ഒരു സൃഷ്ടിയാണ്. മൂലകൃതി ഈ സൃഷ്ടികർമ്മത്തിനു വേണ്ടുന്ന പ്രചോദനമരുളുന്നു എന്നുമാത്രം.

വിവർത്തനം ബഹുമുഖമായ സാധ്യതകളുടെ ഇടമാണ്. പരമ്പരാഗത വിവർത്തനസിദ്ധാന്തങ്ങളും പ്രയോഗങ്ങളും സ്ഥലകാലസാഹചര്യങ്ങൾക്കനുസരിച്ച് പരിവർത്തനത്തിനു വിധേയമായിട്ടുണ്ട്. പോസ്റ്റ് കൊളോണിയൽ വിവർത്തനവും യാന്ത്രിവിവർത്തനവും ഗൂഗിൾ വിവർത്തനവും വിവർത്തനത്തിന് അനന്തസാധ്യതകൾ പ്രദാനം ചെയ്തിരിക്കുന്നു. വിവർത്തനത്തെക്കുറിച്ച് അടിസ്ഥാനധാരണ സ്വായത്തമാക്കി വൈവിധ്യമാർന്ന സിദ്ധാന്തങ്ങളുടെ സാധ്യതകൾ ഉപയോഗിച്ച് ആശയസംവേദനം കാര്യക്ഷമമാക്കുക എന്നതാണ് കരണീയമായിട്ടുള്ളത്.

## സഹായക ഗ്രന്ഥം

1. വിവർത്തനം, ഒരു സംഘം ലേഖകർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം, 1973